Expenditure—Hostel.

111. മിസ്റ്റർ കെ. പി. വള്ളോൻ.—താഴെ എഴുതുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെണ്ടിൽ നിന്നും മറുപടി പറയുവാൻ ദയവുണ്ടാകുമോ:—

ഹോസ്റ്റലുകളിലെ ചിലവിനായി (അധ്യാപകർക്കു വേണ്ടിയുള്ള ഹോസ്റ്റലുകളിലെ ചിലവിനായി) ൧൯൦൯-ലേക്ക് ൧൯൨൪ ഉദ്ദേശിക അനുവദിച്ചിട്ടുള്ളതിൽ ചിലവായതെത്ര; ഏതെല്ലാം ഇനങ്ങളിൽ?

രാമവർമ്മതമ്പുരാൻ.—൧൯൦൯-ൽ ഹോസ്റ്റൽ ഉണ്ടായിരുന്നില്ല. ൧൯൧൪-ൽ ഇതുവരെ ഹോസ്റ്റൽ നടത്തിപ്പിനു് ൧൦൦ക. ൧൨ണ. ചിലവായിട്ടുണ്ടു്. അതിന്റെ ഇനം തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. (*Appendix IV*)

മിസ്റ്റർ കെ. പി. വള്ളോൻ.—൧൯൧൪-ൽ കുമ്പത്തു കുട്ടികളുണ്ടായിരുന്നു എന്നാണു് എനിക്കു മുമ്പോരിയ്ക്കൽ മറുപടി തന്നിട്ടുള്ളതു്. ഈ കുമ്പത്തു കുട്ടികളുടെ ഭക്ഷണത്തിനായിട്ടാണോ ൧൦൦ക. ൧൨ണ. ചിലവായിട്ടുള്ളതു്.

രാമവർമ്മതമ്പുരാൻ—സ്ഥലവാടക, ഉപ്പു് ചിലവു്, വെപ്പുകാരുടെ ശമ്പളം, ഫർണിച്ചർ, പാത്രങ്ങൾ, ലൈറ്റിംഗ് ചാർജ്ജസ് മുതലായവയുടെയുള്ള ചിലവാണു്.

Works of the Depressed Classes Department.

112. മിസ്റ്റർ കെ. പി. വള്ളോൻ.—അധ്യാപകത ഡിപ്പാർട്ടുമെണ്ടിൽ നിന്നും അധ്യാപകരുടെ വേലയുടെ താല്പര്യത്തെ എങ്ങിനെ സംരക്ഷിക്കുന്നു?

രാമവർമ്മതമ്പുരാൻ.—അധ്യാപകത ഡിപ്പാർട്ടുമെണ്ടിലെ വേലകാരും നിവൃത്തിയുള്ളിടത്തോളം അധ്യാപകരെ കൊണ്ടു തന്നെയാണു ചെയ്യിക്കുന്നതു്. കൂടാതെ കൊച്ചി ഹാർബർ, റയിൽവെ മുതലായവയുടെ പണികളിലേയ്ക്കു് അധ്യാപകരെ ധാരാളമായി നിയോഗിക്കുവാൻടി പണികളിലേയ്ക്കു വേലക്കാരെ എടുക്കുന്ന ഉദ്യോഗസ്ഥന്മാരേയും കൺട്രാക്ടർമാരേയും സംരക്ഷകൻ പ്രേരിപ്പിച്ചിട്ടുണ്ടു്.

മിസ്റ്റർ കെ.പി. വള്ളോൻ.—നെട്ടൂർ ഉള്ളാട കാളനിയിൽ വീടുകൾ പണിയുന്ന ജോലികൾ ആരെയാണു് ഏല്പിച്ചിരിക്കുന്നതു്? ഇപ്പോൾ അധ്യാപകർക്കു കൊടുക്കുന്നില്ല. അതിനെ സംബന്ധിച്ചു് ഗവൺമെണ്ടിനു വല്ല ആക്ഷേപവും കിട്ടീട്ടുണ്ടോ?

രാമവർമ്മതമ്പുരാൻ—നെട്ടൂർ ഉള്ളാട കാളനിയെ സംബന്ധിച്ചിടത്തോളമുള്ള ഇൻഫർമേഷൻ എന്റെകയ്യിലില്ല; നോട്ടീസു വേണം.

മിസ്റ്റർ കെ. പി. വള്ളോൻ.—ജോലികൾ അധ്യാപകരെ കൊണ്ടു ചെയ്യിക്കുന്നു എന്നു പറഞ്ഞിരിക്കുന്നു; അതു ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly

നെട്ടൂർ ഉള്ളാട കാളനിയിൽ അന്യജാതിക്കാരെക്കൊണ്ടാണു പണികൾ ചെയ്യിക്കുന്നതു് എന്നു ശവമ്മെണ്ടിനു് അറിയാമോ?

രാമവമ്മതമ്പുരാൻ.—ആരെക്കൊണ്ടാണു് പണിയെടുപ്പിക്കുന്നതെന്നു് പറവാൻ അതിന്റെ റിപ്പോർട്ടു് എന്റെ കയ്യിലില്ല.

മിസ്റ്റർ കെ. പി. വള്ളോൻ.—അതിനെപ്പറ്റി അന്വേഷിക്കുമോ?

രാമവമ്മതമ്പുരാൻ.—അന്വേഷിക്കാം.

മിസ്റ്റർ എം. കെ. രാമൻ.—നിവൃത്തിയുള്ളിടത്തോളം അധഃകൃതരെക്കൊണ്ടുതന്നെയാണു ചെയ്യിക്കുന്നതു് എന്നു പറഞ്ഞിരിക്കുന്നു. അധഃകൃതർക്കു ചെയ്യാവുന്ന കൺട്രാക്ടറുകൾ അവർക്കു കൊടുത്തിട്ടുണ്ടോ?

രാമവമ്മതമ്പുരാൻ.—അവരെക്കൊണ്ടു വേലചെയ്യിക്കുന്നു എന്നുള്ള അർത്ഥത്തിലാണു പറഞ്ഞിരിക്കുന്നതു്.

മിസ്റ്റർ എം. കെ. രാമൻ.—കൺട്രാക്ടു് കൊടുത്താണോ വേലചെയ്യിക്കുന്നതു്?

രാമവമ്മതമ്പുരാൻ.—ചിലതു് കൺട്രക്ടു് കൊടുത്തു ചെയ്യിക്കുന്നുണ്ടു്; ചിലതു് സബോർഡിനേറ്റ് സിനേയും ഏല്പിച്ചിട്ടുണ്ടു്.

മിസ്റ്റർ എം. കെ. രാമൻ.—വാർഡൻ സർക്കാരുദ്യോഗസ്ഥനാണോ?

രാമവമ്മതമ്പുരാൻ.—വാർഡൻ സർക്കാരുദ്യോഗസ്ഥന്റെ നിലയിലല്ല.

മിസ്റ്റർ എം. കെ. രാമൻ.—കൺട്രാക്ടരുടെ നിലയിലാണോ വാർഡനെ വച്ചിരിക്കുന്നതു്?

രാമവമ്മതമ്പുരാൻ.—അങ്ങിനെയൊന്നും വച്ചിട്ടില്ല; രണ്ടു ജോലികളും നോക്കും.

മിസ്റ്റർ കെ. പി. വള്ളോൻ.—കൺട്രാക്ടർക്കു് ശവമ്മെണ്ടിൽ നിന്നും അലവൻസു കൊടുക്കുന്നുണ്ടോ?

രാമവമ്മതമ്പുരാൻ.—ഈ വക പണികളെല്ലാം വാർഡനെക്കൊണ്ടാണു് ചെയ്യിക്കുന്നതു്.

Nettur Ullada Colony.

113. മിസ്റ്റർ കെ. പി. വള്ളോൻ.—നെട്ടൂർ ഉള്ളാട കാളനിയിൽ എത്ര വീടുകൾ പണിയിച്ചുകൊടുത്തിട്ടുണ്ടു്;

എ എ ഠ -ലും എ എ ഡ വ -ലും കാളനിയിലേക്കു വേണ്ടി ചിലവാക്കീട്ടുള്ള സംഖ്യയുടെ ഇനം തിരിച്ചിട്ടുള്ള പട്ടിക ഈ മേശപ്പുറത്തു വയ്ക്കാമോ;

ടി കാളനിയിൽ മുമ്പുണ്ടായിരുന്ന വാർഡനെ മാറുവാനുണ്ടായ കാരണമെന്തു്; വീണ്ടും നിയമിച്ചിട്ടുള്ള ആൾ പഴയ ആ

LIBRARY ARCHIVES Kerala Legislative Assembly